MONDAY 11-10-2021 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -11/10/2021

1. കാർഷിക രംഗത്തെ സമഗ്ര പുരോഗതിക്കായി നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ജല ഉപയോഗക്ഷമത വർധിപ്പിക്കുക, ഉയർന്ന ഉത്പാദനം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ കൂടി കൃഷിവകുപ്പ് നടപ്പാക്കുന്ന പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിൻ പ്രകാരം ഡ്രിപ്പ്, സ്പ്രിങ്ക്ലർ തുടങ്ങിയ സൂക്ഷ്മ ജലസേചന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് കണ്ണൂർ ജില്ലയിൽ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ അപേക്ഷകൾ ക്ഷണിച്ചു. ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതിച്ചെലവിന്റെ അനുവദനീയമായ തുകയുടെ 80 ശതമാനവും മറ്റു കർഷകർക്ക് പദ്ധതിച്ചെലവിന്റെ 70 ശതമാനവും നിബന്ധനകളോടെ ധനസഹായമായി ലഭിക്കും. നിശ്ചിത മാതൃകയിലുള്ള അപേക്ഷയുടെ പകർപ്പ് ജില്ലയിലെ കൃഷിഭവനുകളിലും കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലയിലെ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ഇനി പറയുന്ന ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പർ 9 3 8 3 4 7 7 2 0 5 0 / 9 3 8 3 4 7 2 0 5 1 / 9 3 8 3 4 7 2 0 5 2

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കുന്നതിനും വിളകൾക്ക് മുന്തിയ വില ഉറപ്പാക്കുന്നതിനും, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, ശേഖരണം, സംസ്ക്കരണം, വിപണനം എന്നീ സംവിധാനങ്ങൾ ശാക്തീകരിക്കുന്നതിനുമായി നടപ്പിലാക്കുന്ന **കണ്ടെയ്നർ മോഡ് പ്രോക്യൂർമെന്റ് പ്രോസസിംഗ് സെന്റർ (CMPC) പദ്ധതി** പ്രകാരം ധന സഹായം നൽകുന്നു. പ്രൈമറി അഗ്രി ക്രെഡിറ്റ് സൊസൈറ്റികൾക്ക് പരമാവധി 4 ലക്ഷം രൂപയും അൻപതിനായിരം രൂപ

റിവോൾവിങ്ങ് ഫണ്ടും ഉൾപ്പെടെ 50% ആണ് ധനസഹായം ലഭിയ്ക്കുന്നത്. ഹോർട്ടികോർപ്പ്, സ്റ്റാർട്ടപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, പഞ്ചായത്തുകൾ, മറ്റ് ഗവൺമെന്റ് ഏജൻസികൾ എന്നിവർക്കും ഗുണഭോക്താക്കളാകാം. ഇവർക്ക് പരമാവധി 8 ലക്ഷം രൂപയും ഒരുലക്ഷം രൂപ രൂപ റിവോൾവിങ്ങ് ഫണ്ടും ഉൾപ്പെടെ 100% വരെ ധനസഹായം ലഭിയ്ക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഓഫീസുമായി ബന്ധപ്പെടുക.

3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിന് **ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള** ധനസഹായ പദ്ധതിയിൽ പ്രൈമറി അഗ്രി ക്രെഡിറ്റ് സൊസൈറ്റി/സ്റ്റാർട്ട് അപ്പുകൾ/ സ്വയം സഹായ സംഘങ്ങൾ (SHG)/ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ എന്നിവയ്ക്ക് അപേക്ഷ സമർപ്പിക്കാം. ആവശ്യാധിഷ്ഠിത ധനസഹായം പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നൽകുക. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഓഫീസുമായി ബന്ധപ്പെടുക.

4. ഹോർട്ടികോർപ്പിന്റെ കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിലെ സ്റ്റാളിലും തൃശൂരിലെ മെലിപ്പാടം, ചാലക്കുടി, ഗുരുവായൂർ, ജീവനി മൊബൈൽ സ്റ്റാളുകളിലും, എറണാകുളത്തെ കാക്കനാട് , മരട് എന്നീ സ്റ്റാളുകളിലും **ഒല്ലൂർ കൃഷി സമൃദ്ധി** പദ്ധതിയിലെ മുരിങ്ങയില ഉൽപ്പന്നങ്ങൾ ലഭ്യമാകും. 25 ഗ്രാം മുരിങ്ങയില പൗഡർ അൻപത് രൂപയ്ക്കും മുരിങ്ങയില 45 ഗ്രാം സൂപ്പ് മിക്സ് അറുപത് രൂപയ്ക്കും 500 ഗ്രാം മുരിങ്ങയില അരിപ്പൊടി എൺപത് രൂപയ്ക്കും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **8075204894 (കോഴിക്കോട്), 9746885823 (തൃശൂർ), 9020993282(എറണാകുളം)** എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണെന്ന് കോഴിക്കോട് ഹോർട്ടികോർപ് റീജിയണൽ മാനേജർ അറിയിച്ചു

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. പായിപ്പാട് ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലെ ഗുണഭോക്താക്കളെ മുൻഗണനാടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിനായി ക്ഷണിക്കുന്നു. ഗുണഭോക്താക്കൾ ഇന്ന് (11.10.2021) 2 മണിയ്ക്ക് മുൻപായി മൃഗാശുപത്രിയുമായി ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടികൾ**

6. എച്ച്.ആർ.ഡി ട്രെയിനിംഗിന്റെ ഭാഗമായി ഈ മാസം **26,27,28** (ഒക്ടോബർ 26,27,28) തീയതികളിൽ **പൂന്തോട്ട നിർമ്മാണം, നഴ്സറി പാരിപാലനം, സസ്യപ്രവർദ്ധന രീതികൾ** എന്നിവ ഉൾപ്പെടുത്തി മൂന്നു ദിവസത്തെ പരിശീലനം **തിരുവനന്തപുരം കഴക്കൂട്ടം ആർ.എ.റ്റി.റ്റി.സി** യിൽ വച്ച് നടത്തുന്നു. താൽപര്യമുള്ളവർ ഈ മാസം **20-ന്** മുമ്പായി രാവിലെ 11 മണിക്കും 4.30 നും ഇടയ്ക്കുള്ള സമയങ്ങളിൽ **9497360649, 9447551954** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കാണ് പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക.

7. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രം മുഖേന ഈ മാസം **12ന് തീറ്റപ്പുൽക്കൃഷി, 16-ന് താറാവു വളർത്തൽ** എന്നീ വിഷയങ്ങളിൽ **ഇൻക്യാമ്പസ് ട്രെയിനിംഗും** ഈ മാസം **18-ന് നായ്ക്കളുടെ ആരോഗ്യപരിപാലനം** എന്ന വിഷയത്തിൽ **ഓൺലൈൻ** പരിശീലനവും നടത്തുന്നു. താല്പര്യമുള്ള കർഷകർ **0484-2631355** എന്ന ഫോൺ നമ്പറിൽ വിളിച്ചോ **9188522708** എന്ന ഫോൺ നമ്പരിൽ പേരും പരിശീലന വിഷയവും വാട്സ് ആപ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 12,13 (12.10.2021, 13.10.2021) തീയതികളിൽ **എരുമ വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നതാണ് പങ്കെടുക്കാൻ താല്പര്യമുള്ളവർ 0471 - 2732918 എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.